**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2654** **06-10-2025 - ൽ മറുപടിയ്ക്ക്**

**കുറ്റ്യാടി നാളികേര പാർക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | കുറ്റ്യാടി മണ്ഡലത്തിലെ മണിമല നാളികേര പാർക്കിന്റെ രണ്ടാംഘട്ട വികസന പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ; നിലവിൽ നടന്നുവരുന്ന ചുറ്റമതിൽ, ഇന്റേണൽ റോഡ്, മരം മുറിക്കൽ എന്നീ പ്രവൃത്തികൾക്ക് ശേഷം രണ്ടാംഘട്ട പ്രവൃത്തി എന്ന് ആരംഭിക്കാൻ സാധിക്കുമെന്ന് വിശദമാക്കാമോ; | (എ) | കുറ്റ്യാടി പാർക്കിന്റെ വികസനത്തിന്റെ രണ്ടാം ഘട്ടമായി 10 ഏക്കറിൽ നിൽക്കുന്ന മരങ്ങൾ മുറിക്കുന്നതിനുവേണ്ടി മരങ്ങളുടെ വാല്യുവേഷൻ നടപടികൾ ആരംഭിച്ചു. ആദ്യ ഘട്ടത്തിലെ ഭൂമിയുടെ അലോട്ട്മെന്റ് പുരോഗതി അനുസരിച്ച് രണ്ടാം ഘട്ട വികസന പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. രണ്ടാംഘട്ട വികസനത്തിന്റെ ഭാഗമായി തുടർന്നുള്ള 250 മീറ്റർ ഇന്റേണൽ റോഡും ഓഫീസ് ബിൽഡിങ്ങും ഉൾവശങ്ങളിലെ ഫെൻസിങ് നിർമ്മാണവും ഉൾപ്പെടുന്നു. |
| (ബി) | രണ്ടാംഘട്ട പ്രവൃത്തിയിൽ എന്തൊക്കെ ഘടകങ്ങളാണ് ഉൾപ്പെടുത്തുന്നതെന്ന് വിശദമാക്കാമോ? | (ബി) | മേൽ (എ) പിരിവിനുള്ള മറുപടി കണ്ടാലും. |

സെക്ഷൻ ഓഫീസർ